# പതിനാലാം കേരള നിയമസഭ
# (പതിനാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1445** **04.02.2019-ൽ മറുപടിയ്ക്ക്**

**<u>തീരദേശ വികസന കോർപ്പറേഷന്റെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ</u>**

<u>ചോദ്യം</u>
ശ്രീ.റ്റി.വി.രാജേഷ്

<u>മറുപടി</u>
ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും
കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി):

എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ കിഫ്ബി മുഖേന നടപ്പാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നിരുന്നു.

| ക്രമ നം. | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഫിഷ് ലാന്റിംഗ് സെന്റർ, വാടിക്കൽ | 70.00 |
| 2 | ഫിഷ് ലാന്റിംഗ് സെന്റർ, മാട്ടൂൽ | 70.00 |
| 3 | ഫിഷ് മാർക്കറ്റ്, പഴയങ്ങാടി | 95.00 |
| 4 | ഫിഷറീസ് ഡിസ്പൻസറി പുതിയങ്ങാടി, പുതിയ കെട്ടിട നിർമ്മാണം | 80.00 |
| 5 | താലൂക്ക് ഹോസ്പിറ്റൽ, പഴയങ്ങാടി, പുതിയ കെട്ടിട നിർമ്മാണം | 110.00 |
| 6 | അംഗനവാടി, മാടായി | 25.00 |
| 7 | പുതിയങ്ങാടി ചൂട്ടാട് റോഡ് & ബൈ റോഡ് ചൂട്ടാട് ഇരവിപുരം റോഡ് | 600.00 |
| 8 | അംഗനവാടി, മാട്ടൂൽ | 25.00 |
| 9 | മാട്ടൂൽ എച്ച്.എസ്.എസ് പുതിയ കെട്ടിട നിർമ്മാണം | 120.00 |
| 10 | മുട്ടം പി.എച്ച്.സി. പുതിയ കെട്ടിട നിർമ്മാണം | 35.00 |
| 11 | മാടായി ഹോമിയോ ഡിസ്പൻസറി പുതിയ കെട്ടിട നിർമ്മാണം | 50.00 |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികളിൽ കിഫ്ബി യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചവ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | ബി) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി പഴയങ്ങാടി ഫിഷ് മാർക്കറ്റ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതുകൂടാതെ കണ്ണപുരം ഫിഷ് മാർക്കറ്റ് നിർമ്മാണം, ജി.ജി.എച്ച്.എസ്.എസ് മാടായി എന്നീ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**